# ഏറ്റവും പുറത്തുള്ള ഇരുട്ട്

Outer Darkness ആണ് ഏറ്റവും പുറത്തുള്ള ഇരുട്ട്. മത്തായിയുടെ സുവിശേഷത്തിൽ എട്ടാം അദ്ധ്യായം പന്ത്രണ്ടാം വാക്യത്തിലാണ് ഏറ്റവും പുറത്തുള്ള ഇരുട്ടിനെക്കുറിച്ചുള്ള പ്രസ്താവം ആദ്യമായി കാണുന്നത്. 'രാജ്യത്തിന്റെ പുത്രന്മാരെയോ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു.' ദൈവരാജ്യത്തിൽ പ്രവേശിക്കും എന്ന സുദൃഢവിശ്വാസം ഉള്ളവരായിരുന്നു യഹൂദമതത്തിലെ പരീശന്മാരും ശാസ്ത്രികളും പുരോഹിതന്മാരുമെല്ലാം. അവർ ചിട്ടയായി യഹൂദ ന്യായപ്രമാണം അനുഷ്ഠിക്കുന്നവരായിരുന്നു. യെരൂശലേം ദൈവാലയത്തോട് ഏറ്റവും അടുത്താണ് അവർ കഴിഞ്ഞിരുന്നത്. എന്നാൽ ചടങ്ങുകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും കൃത്യമായി നിവർത്തിച്ചു വന്നവരാണെങ്കിലും അവർ ന്യായവും ദൈവസ്നേഹവും വിട്ടു കളഞ്ഞിരുന്നു . 'പരീശന്മാരായ നിങ്ങൾക്ക് അയ്യോ കഷ്ടം; നിങ്ങൾ തുളസിയിലും അരൂതയിലും എല്ലാ ചീരയിലും പതാരം കൊടുക്കുകയും ന്യായവും ദൈവസ്നേഹവും വിട്ടുകളയുകയും ചെയ്യുന്നു; ഇതു ചെയ്കയും അത് ത്യജിക്കാതിരിക്കയും വേണം.' ലൂക്കോസ് 11:42 സാക്ഷാൽ ദൈവപുത്ര ൻ വന്നപ്പോൾ അവർ – അവിശ്വസിക്കുകയും ക്രിസ്തുവിനെ ത്യജിച്ചുകളയുകയും ചെയ്തു. അതുകൊണ്ട് ഭയാനകമായ കൂരിരുട്ടുള്ള നിത്യനരക ഭീകരതയിലേക്ക് അവർ തള്ളപ്പെടും എന്നത്രേ യേശുക്രിസ്തു പറഞ്ഞത്. പിന്നീട്, വിശുദ്ധ മത്തായി 22 : 13 -ലാണ് ഏറ്റവും പുറത്തുള്ള ഇരുളിനെക്കുറിച്ച് നാം കാണുന്നത്. 'രാജാവ് ശുശ്രൂഷക്കാരോട്, ഇവനെ കൈയും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നു പറഞ്ഞു." കല്യാണവസ്ത്രം കൂടാതെ വിരുന്നുശാലയിൽ പ്രവേശിച്ചവൻ ഏറ്റവും പുറത്തുള്ള ഇരുട്ടിലേയ്ക്ക് പോകേണ്ടി വന്നു. കല്യാണവസ്ത്രം സൗജന്യമായി നല്കുന്നിടത്തുനിന്ന് അവനതു വാങ്ങാമായിരുന്നു. കല്യാണവസ്ത്രത്തെ 'മഹിമാവിൻ നീരാളം' എന്നാണ് പിതാക്കന്മാർ വിശേഷിപ്പിക്കുന്നത്. 'മഹിമാവിൻ നീരാളം ചാർത്തി തിരുമുമ്പിൽ സ്തുതി പാടും നിങ്ങൾ ' വിവാഹ കൂദാശയിൽ , സുന്ദരികളിൽ അതിസുന്ദരിയായ പരിശുദ്ധസഭയുടെ അധരങ്ങളിൽ നിന്ന് പൂന്തേനോലുന്ന വചനം പൊഴിയുന്നു എന്നും സഭയാകുന്ന മണവാട്ടിയുടെ വസ്ത്രം നീസാൻ കുസുമത്തിന് തുല്യമായ സുഗന്ധമുള്ളതാണെും പിതാക്കന്മാർ പാടുന്നു. 'നിൻ അധരങ്ങൾ മധു വർഷിക്കുന്നു വസന സുഗന്ധം നീസാൻ കുസുമസമം' ആ വസനമാണ് കല്യാണവസ്ത്രം.

Outer Darkness ആണ് ഏറ്റവും പുറത്തുള്ള ഇരുട്ട്. മത്തായിയുടെ സുവിശേഷത്തിൽ എട്ടാം അദ്ധ്യായം പന്ത്രണ്ടാം വാക്യത്തിലാണ് ഏറ്റവും പുറത്തുള്ള ഇരുട്ടിനെക്കുറിച്ചുള്ള പ്രസ്താവം ആദ്യമായി കാണുന്നത്. 'രാജ്യത്തിന്റെ പുത്രന്മാരെയോ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു.' ദൈവരാജ്യത്തിൽ പ്രവേശിക്കും എന്ന സുദൃഢവിശ്വാസം ഉള്ളവരായിരുന്നു യഹൂദമതത്തിലെ പരീശന്മാരും ശാസ്ത്രികളും പുരോഹിതന്മാരുമെല്ലാം. അവർ ചിട്ടയായി യഹൂദ ന്യായപ്രമാണം അനുഷ്ഠിക്കുന്നവരായിരുന്നു. യെരൂശലേം ദൈവാലയത്തോട് ഏറ്റവും അടുത്താണ് അവർ കഴിഞ്ഞിരുന്നത്. എന്നാൽ ചടങ്ങുകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും കൃത്യമായി നിവർത്തിച്ചു വന്നവരാണെങ്കിലും അവർ ന്യായവും ദൈവസ്നേഹവും വിട്ടു കളഞ്ഞിരുന്നു . 'പരീശന്മാരായ നിങ്ങൾക്ക് അയ്യോ കഷ്ടം; നിങ്ങൾ തുളസിയിലും അരൂതയിലും എല്ലാ ചീരയിലും പതാരം കൊടുക്കുകയും ന്യായവും ദൈവസ്നേഹവും വിട്ടുകളയുകയും ചെയ്യുന്നു; ഇതു ചെയ്കയും അത് ത്യജിക്കാതിരിക്കയും വേണം.' ലൂക്കോസ് 11:42 സാക്ഷാൽ ദൈവപുത്ര ൻ വന്നപ്പോൾ അവർ – അവിശ്വസിക്കുകയും ക്രിസ്തുവിനെ ത്യജിച്ചുകളയുകയും ചെയ്തു. അതുകൊണ്ട് ഭയാനകമായ കൂരിരുട്ടുള്ള നിത്യനരക ഭീകരതയിലേക്ക് അവർ തള്ളപ്പെടും എന്നത്രേ യേശുക്രിസ്തു പറഞ്ഞത്. പിന്നീട്, വിശുദ്ധ മത്തായി 22 : 13 -ലാണ് ഏറ്റവും പുറത്തുള്ള ഇരുളിനെക്കുറിച്ച് നാം കാണുന്നത്. 'രാജാവ് ശുശ്രൂഷക്കാരോട്, ഇവനെ കൈയും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നു പറഞ്ഞു." കല്യാണവസ്ത്രം കൂടാതെ വിരുന്നുശാലയിൽ പ്രവേശിച്ചവൻ ഏറ്റവും പുറത്തുള്ള ഇരുട്ടിലേയ്ക്ക് പോകേണ്ടി വന്നു.

കല്യാണവസ്ത്രം സൗജന്യമായി നല്കുന്നിടത്തുനിന്ന് അവനതു വാങ്ങാമായിരുന്നു. കല്യാണവസ്ത്രത്തെ 'മഹിമാവിൻ നീരാളം' എന്നാണ് പിതാക്കന്മാർ വിശേഷിപ്പിക്കുന്നത്. 'മഹിമാവിൻ നീരാളം ചാർത്തി തിരുമുമ്പിൽ സ്തുതി പാടും നിങ്ങൾ ' വിവാഹ കൂദാശയിൽ , സുന്ദരികളിൽ അതിസുന്ദരിയായ പരിശുദ്ധസഭയുടെ അധരങ്ങളിൽ നിന്ന് പൂന്തേനോലുന്ന വചനം പൊഴിയുന്നു എന്നും സഭയാകുന്ന മണവാട്ടിയുടെ വസ്ത്രം നീസാൻ കുസുമത്തിന് തുല്യമായ സുഗന്ധമുള്ളതാണെും പിതാക്കന്മാർ പാടുന്നു. 'നിൻ അധരങ്ങൾ മധു വർഷിക്കുന്നു വസന സുഗന്ധം നീസാൻ കുസുമസമം' ആ വസനമാണ് കല്യാണവസ്ത്രം.

Outer Darkness ആണ് ഏറ്റവും പുറത്തുള്ള ഇരുട്ട്. മത്തായിയുടെ സുവിശേഷത്തിൽ എട്ടാം അദ്ധ്യായം പന്ത്രണ്ടാം വാക്യത്തിലാണ് ഏറ്റവും പുറത്തുള്ള ഇരുട്ടിനെക്കുറിച്ചുള്ള പ്രസ്താവം ആദ്യമായി കാണുന്നത്. 'രാജ്യത്തിന്റെ പുത്രന്മാരെയോ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു.' ദൈവരാജ്യത്തിൽ പ്രവേശിക്കും എന്ന സുദൃഢവിശ്വാസം ഉള്ളവരായിരുന്നു യഹൂദമതത്തിലെ പരീശന്മാരും ശാസ്ത്രികളും പുരോഹിതന്മാരുമെല്ലാം. അവർ ചിട്ടയായി യഹൂദ ന്യായപ്രമാണം അനുഷ്ഠിക്കുന്നവരായിരുന്നു. യെരൂശലേം ദൈവാലയത്തോട് ഏറ്റവും അടുത്താണ് അവർ കഴിഞ്ഞിരുന്നത്. എന്നാൽ ചടങ്ങുകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും കൃത്യമായി നിവർത്തിച്ചു വന്നവരാണെങ്കിലും അവർ ന്യായവും ദൈവസ്നേഹവും വിട്ടു കളഞ്ഞിരുന്നു . 'പരീശന്മാരായ നിങ്ങൾക്ക് അയ്യോ കഷ്ടം; നിങ്ങൾ തുളസിയിലും അരൂതയിലും എല്ലാ ചീരയിലും പതാരം കൊടുക്കുകയും ന്യായവും ദൈവസ്നേഹവും വിട്ടുകളയുകയും ചെയ്യുന്നു; ഇതു ചെയ്കയും അത് ത്യജിക്കാതിരിക്കയും വേണം.' ലൂക്കോസ് 11:42 സാക്ഷാൽ ദൈവപുത്ര ൻ വന്നപ്പോൾ അവർ – അവിശ്വസിക്കുകയും ക്രിസ്തുവിനെ ത്യജിച്ചുകളയുകയും ചെയ്തു. അതുകൊണ്ട് ഭയാനകമായ കൂരിരുട്ടുള്ള നിത്യനരക ഭീകരതയിലേക്ക് അവർ തള്ളപ്പെടും എന്നത്രേ യേശുക്രിസ്തു പറഞ്ഞത്. പിന്നീട്, വിശുദ്ധ മത്തായി 22 : 13 -ലാണ് ഏറ്റവും പുറത്തുള്ള ഇരുളിനെക്കുറിച്ച് നാം കാണുന്നത്. 'രാജാവ് ശുശ്രൂഷക്കാരോട്; ഇവനെ കൈയും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നു പറഞ്ഞു." കല്യാണവസ്ത്രം കൂടാതെ വിരുന്നുശാലയിൽ പ്രവേശിച്ചവൻ ഏറ്റവും പുറത്തുള്ള ഇരുട്ടിലേയ്ക്ക് പോകേണ്ടി വന്നു.
കല്യാണവസ്ത്രം സൗജന്യമായി നല്കുന്നിടത്തുനിന്ന് അവനതു വാങ്ങാമായിരുന്നു. കല്യാണവസ്ത്രത്തെ 'മഹിമാവിൻ നീരാളം' എന്നാണ് പിതാക്കന്മാർ വിശേഷിപ്പിക്കുന്നത്. 'മഹിമാവിൻ നീരാളം ചാർത്തി തിരുമുമ്പിൽ സ്തുതി പാടും നിങ്ങൾ ' വിവാഹ കൂദാശയിൽ , സുന്ദരികളിൽ അതിസുന്ദരിയായ പരിശുദ്ധസഭയുടെ അധരങ്ങളിൽ നിന്ന് പൂന്തേനോലുന്ന വചനം പൊഴിയുന്നു എന്നും സഭയാകുന്ന മണവാട്ടിയുടെ വസ്ത്രം നീസാൻ കുസുമത്തിന് തുല്യമായ സുഗന്ധമുള്ളതാണെും പിതാക്കന്മാർ പാടുന്നു. 'നിൻ അധരങ്ങൾ മധു വർഷിക്കുന്നു വസന സുഗന്ധം നീസാൻ കുസുമസമം' ആ വസനമാണ് കല്യാണവസ്ത്രം.